# വേഴാങ്ങാനം മഹാദേവ ക്ഷേത്രം

## (ചരിത്രവും കീർത്തനങ്ങളും)



സുകേഷ് പാലാ

# വേഴാങ്ങാനം ശ്രീ മഹാദേവ ക്ഷേത്രം
## (ചരിത്രവും കീർത്തനങ്ങളും)



വില 15 രൂപ

## സ്മരണാഞ്ജലി

വേഴാങ്ങാനം ശ്രീ മഹാദേവനിൽ അചഞ്ചല
ഭക്തിയോടുകൂടി ജീവിച്ചു ഭഗവാനിൽ
ലയിച്ചു ചേർന്ന സുകൃതികളായ പൂർവികർക്കു
സ്മരണാഞ്ജലികൾ

## സമർപ്പണം

സകല ലോക രക്ഷകനായി, ശ്രിതജന
പരിപാലകനായി, എട്ടുകരകളുടെ
നാഥനായി വേഴാങ്ങാനത്തു വാഴുന്ന
ശ്രീ പരമേശ്വരന്റെ തൃപ്പാദ
പദ്മങ്ങളിൽ ഭക്തിപൂർവം സമർപ്പിക്കുന്നു

**ഗുരു വന്ദനം**

അദ്വൈതാനന്ദപീയൂഷ ലഹരീമഗ്നമാനസം
ഭാവയേ ഭാവനാദൂരം ശ്രീഗുരും ശിശുനാമകം

ഓം ഹ്രീം നമോ ഭഗവതേ സർവജ്ഞായ
പ്രഭൂണാം പ്രഭവേ ശ്രീ വിദ്യാധിരാജായ നമഃ

## ശിവ ധ്യാനം

ബിഭ്രദോർഭിഃ കുഠാരം മൃഗമഭയവരൗ
സുപ്രസന്നോ മഹേശഃ
സർവ്വാലങ്കാരദീപ്തഃ സരസിജനിലയോ
വ്യാഘ്രചർമ്മാത്തവാസാഃ
ധ്യേയോ മുക്താപരാഗാമൃതരസകലിതാ
ദ്രിപ്രഭഃ പഞ്ചവക്ത്ര
സ്ത്ര്യക്ഷഃ കോടീരകോടീഘടിതതുഹിനരോ
ചിഷ്കലാതുംഗമൗലിഃ

നീലപ്രവാളരുചിരം വിലസൽ ത്രിനേത്രം
പാശാരുണോത്പല കപാലശൂലഹസ്തം
അർദ്ധാംബികേശമനിശം പ്രവിഭക്തഭൂഷം
ബാലേന്ദുബദ്ധമകുടം പ്രണമാമി രൂപം

# ആമുഖം

ക്ഷേത്രങ്ങളാൽ സമ്പന്നമാണു കേരളം. സമുദ്രത്തിൽ നിന്നും കേരളത്തെ പുനരുദ്ധരിച്ച പരശുരാമൻ കേരളത്തിന്റെ രക്ഷയ്ക്കായി 108 ശിവക്ഷേത്രങ്ങളും 108 ദേവീക്ഷേത്രങ്ങളും 108 ശസ്താക്ഷേത്രങ്ങളും നിർമ്മിച്ചു. പ്രാചീന കേരളത്തിൽ ഗോകർണ്ണം മുതൽ കന്യാകുമാരി വരെയുള്ള ഭൂഭാഗങ്ങളിൽ സ്ഥാപിക്കപ്പെട്ട ഈ ക്ഷേത്രങ്ങളും പിൽക്കാലത്തുണ്ടായ നിരവധി ക്ഷേത്രങ്ങളും ഭക്തജനങ്ങൾക്കു ആശ്രയമായി നിലകൊള്ളുന്നു.

വേഴാങ്ങാനം മഹാദേവ ക്ഷേത്രത്തിന്റെ ചരിത്രവും മഹാദേവനെ സ്തുതിച്ചുകൊണ്ടുള്ള സ്തോത്ര കീർത്തനങ്ങളുമാണ് ഈ ചെറിയ കൃതിയുടെ ഉള്ളടക്കം. ആറേഴു വർഷം മുമ്പെഴുതിയവയാണ് ഈ കീർത്തനങ്ങൾ. ഇവ മഹത്തായവയാണോ അല്ലയോ എന്നു തീരുമാനിക്കേണ്ടതു ഭക്തജനങ്ങളാണ്. ഈ കലിയുഗത്തിൽ അനായാസേന ഭഗവൽ ഭക്തിക്കുള്ള ലഘുവും സരളവുമായ മാർഗ്ഗം നാമസംകീർത്തനമാണെന്നു സുവിദിതമാണ്. പണ്ടു കാലം മുതൽക്കേ വിവിധ ക്ഷേത്ര ദേവതകളെ സ്തുതിച്ചു കൊണ്ടുള്ള കീർത്തനങ്ങൾ മലയാള ത്തിൽ രചിക്കപ്പെട്ടു വരുന്നു. അവയിൽ പലതും കാലഗതിയിൽ നഷ്ടപ്പെട്ടു പോയിരിക്കുന്നു. വേഴാങ്ങാനം മ ഹാദേവനെ സ്തുതിച്ചു കൊണ്ടുള്ള സ്തോത്ര കീർത്തനങ്ങളും ഇതു പൊലെ രചിക്കപ്പെട്ടിട്ടുണ്ടാവാം. നമ്മുടെ മുൻ തലമുറ യിൽപെട്ടവർ ചൊല്ലി വന്നിരുന്ന “വേഴാങ്ങാനത്തമരും പുരഹര പരമേശ്വര പരി പാഹി നമസ്തേ” എ ന്നവസാനിക്കുന്ന ഒരു പഞ്ചാക്ഷര കീർത്തനം ഉണ്ടായി രുന്നു. ഇതിന്റെ വരികൾ അറിയാവുന്നവർ ഇന്നില്ല എന്നതു ദുഃഖകരമാണ്.

വേഴാങ്ങാനം ക്ഷേത്രത്തേക്കുറിച്ചുള്ള ലഘു വിവരണം ആദ്യം നൽകിയിരിക്കുന്നു. തുടർന്നുള്ള സ്തോത്രങ്ങളിൽ ഷഡക്ഷര സ്തോത്രം ശങ്കരാചാര്യ വിരചിതമായ ശിവ ഷഡക്ഷര സ്തോത്രത്തിന്റേയും, ഹസ്തിവനാധിപ സ്തോത്രം വസിഷ്ഠകൃതമായ ദാരിദ്ര്യദുഃഖദഹന സ്തോത്രത്തിന്റേയും, അഷ്ടോ ത്തര ശതനാമ സ്തോത്രം പദ്മപുരാണാന്തർഗതമായ വേദസാര ശിവ സഹസ്ര നാമ സ്തോത്രത്തിന്റേയും മാതൃക പിന്തുടർന്നു രചിച്ചവയാണ്. കീർത്തനങ്ങ ളിലും പ്രചുര പ്രചാരം നേടിയ പഴയ കീർത്തനങ്ങളുടെ സ്വാധീനമുണ്ട്. ഭഗവാനോടുള്ള ഭക്തി മാത്രമാണു ഈ കീർത്തനങ്ങൾ രചിക്കുന്നതിനു

പിന്നിലുള്ളത്. ക്ഷിപ്ര പ്രസാദിയായ ഭഗവാൻ ശ്രീ പരമേശ്വരൻ സ്തവ പ്രിയനും സ്തുതി പ്രിയനുമാണ്. അറിയാതെയെങ്കിലും ശിവ ശിവ എന്നു ജപിച്ചാൽ തന്നെ പ്രസാദിക്കുന്ന ഭഗവാനെ സ്തുതിക്കുകയും പഞ്ചാക്ഷരി ജപിക്കുകയും ചെയ്താൽ ലഭിക്കുന്ന അനുഗ്രഹങ്ങൾക്കു അളവില്ല.

ഭക്തജനങ്ങൾ സാമോദം സ്വീകരിക്കട്ടെ എന്ന പ്രാർത്ഥനയോടെ ഈ കൃതി വേഴാങ്ങാനം ശ്രീ മഹാദേവന്റെ തൃപ്പാദ പദ്മങ്ങളിൽ ഭക്തിപൂർവം സമർപ്പിക്കുന്നു.

ചൂണ്ടച്ചേരി                                                                                    സുകേഷ്
**22/08/2010**

## ഹസ്തിവനാധിപ (വേഴാങ്ങാനം ശ്രീ മഹാദേവ) ധ്യാനം

ഓം നമഃ ശിവായ

ധ്യായേന്നിത്യം ഗിരീശം ത്രിപുരമദഹരം
ഭക്തപാപാപഹാരിം
ഇന്ദ്രോപേന്ദ്രാദി വന്ദ്യം പരശു മൃഗധരം
മുഞ്ജകേശം മഹേശം
വാമാങ്കാരൂഢഗൗരീമുഖകമലമിള
ല്ലോചനം ചന്ദ്രചൂഢം
ഹസ്ത്യാരണ്യാധിനാഥം സ്മിത മധുരമുഖം
നിർമ്മലം നീലകൺഠം

പർവ്വതാധിപനും, ത്രിപുരന്മാരുടെ അഹങ്കാരം നശിപ്പിച്ചവനും, ഭക്തന്മാരുടെ പാപങ്ങൾ നീക്കുന്ന വനും, ഇന്ദ്രൻ, ഉപേന്ദ്രൻ (വിഷ്ണു) എന്നിവരാൽ വന്ദിക്കപ്പെടുന്നവനും, പരശു(മഴു), മൃഗം(മാൻ) എന്നിവ ധരിച്ചവനും, നരനാരായണന്മാരോടേ ററുമുട്ടുകയാൽ സ്വർണ്ണവർണ്ണമാർന്ന തലമുടിയോടു കൂടിയവനും , മഹേ ശനും, വാമഭാഗത്തു സ്ഥിതി ചെയ്യുന്ന ശ്രീ പാർവ്വതി യുടെ മുഖകമലം നോക്കി സ്ഥിതി ചെയ്യുന്നവനും, ചന്ദ്രക്കല ജടയിലണിയുന്നവനും,പുഞ്ചിരി തൂകുന്ന മുഖത്തോടു കൂടിയവനും, നിർമ്മലനും, നീലക്ൺഠനുമായ ഹസ്ത്യാരണ്യാധിനാഥനെ (വേഴാങ്ങാനം ശ്രീ മഹാദേവനെ) ഞാൻ ധ്യാനിക്കുന്നു.

## വേഴാങ്ങാനം ശ്രീ മഹാദേവ പഞ്ചാക്ഷര കീർത്തനം

(രാമ രാമ ഹരേ ഹരേ ശിവ രാമ രാമ ഹരേ ഹരേ എന്ന രീതിയിൽ)

പാർവ്വതീശ്വര പാഹിമാം പരമേശ്വരാ പരിപാഹിമാം
ദേവ ദേവ മഹേശ ഹസ്തിവനാധിനായക പാഹിമാം

**ന**ല്ല നല്ല സുമങ്ങളാലുമ പൂജ ചെയ്തിടുമാപ്പദം
മെല്ലെ മെല്ലെയമർത്തി രാവണ ദംഭടക്കിയ ദൈവമേ
അല്ലലൊക്കെയകററുവാനതി മോദമോടു വസിച്ചിടും
മുല്ലബാണ വിനാശ ഹസ്തിവനാധിനായക പാഹിമാം 1

പാർവ്വതീശ്വര പാഹിമാം പരമേശ്വരാ പരിപാഹിമാം
ദേവ ദേവ മഹേശ ഹസ്തിവനാധിനായക പാഹിമാം

**മ**ന്ദരാചലമായിടും കടകോലുകൊണ്ടു സുരേന്ദ്രരാ
നന്ദമോടു കടൽ കടഞ്ഞൊരു വേള തന്നിലുയൊർന്നൊരാ
ചന്ദ്രനേ ജട തന്നിലും ഗരളം ഗളത്തിലുമാക്കിയ
സുന്ദരേശ്വര ദേവ ഹസ്തിവനാധിനായക പാഹിമാം 2

പാർവ്വതീശ്വര പാഹിമാം പരമേശ്വരാ പരിപാഹിമാം
ദേവ ദേവ മഹേശ ഹസ്തിവനാധിനായക പാഹിമാം

**ശി**ഷ്ടരക്ഷക ശങ്കരാ ശിവ ശർവ ശാശ്വത വിഗ്രഹ
ദുഷ്ടനാശന കാലകാല കലാനിധേ കരുണാനിധേ
കഷ്ടകാലമൊഴിച്ചു സദ്ഗതി മേൽക്കുമേലരുളേണമേ
അഷ്ടദിക്പതി വന്ദ്യ ഹസ്തിവനാധിനായക പാഹിമാം 3

പാർവ്വതീശ്വര പാഹിമാം പരമേശ്വരാ പരിപാഹിമാം
ദേവ ദേവ മഹേശ ഹസ്തിവനാധിനായക പാഹിമാം

**വാ**രണങ്ങളനേകമുണ്ടവയൊക്കെയും പരിചോടു നീ

വാരണാനനദേവ താത ഹരിക്കണേ കൃപയോടുടൻ
വാരണാസിയിൽ വാണിടുന്നതു പോലെ വാണരുളും പ്രഭോ
വാരിജാസനവന്ദ്യ ഹസ്തിവനാധിനായക പാഹിമാം 4

പാർവ്വതീശ്വര പാഹിമാം പരമേശ്വരാ പരിപാഹിമാം
ദേവ ദേവ മഹേശ ഹസ്തിവനാധിനായക പാഹിമാം

**യ**ക്ഷകിന്നര സിദ്ധചാരണ സാദ്ധ്യരും മുനി വൃന്ദവും
പക്ഷിവാഹനനാദിയായ സുരേന്ദ്രരും ഗിരികന്യയും
അക്ഷരേശ്വരിയും ധനേശ്വരിയും സദാപി നമിച്ചിടും
അക്ഷിമൂന്നെഴുമീശ ഹസ്തിവനാധിനായക പാഹിമാം 5

പാർവ്വതീശ്വര പാഹിമാം പരമേശ്വരാ പരിപാഹിമാം
ദേവ ദേവ മഹേശ ഹസ്തിവനാധിനായക പാഹിമാം

## വേഴാങ്ങാനം ശ്രീ മഹാദേവ പഞ്ചകം

വേഴാങ്ങാനമുമാനാഥ വിശ്വനാഥ മഹേശ്വര
നീലകണ്ഠ സുരാധീശ സദാശിവ നമോസ്തുതേ 1

വേഴാങ്ങാനമുമാനാഥ ചന്ദ്രചൂഡ പുരാന്തക
കാലകാല ലലാടാക്ഷ സദാശിവ നമോസ്തുതേ 2

വേഴാങ്ങാനമുമാനാഥ വാമദേവ ത്രിലോചന
കാമേശ്വര സുരാരാദ്ധ്യ സദാശിവ നമോസ്തുതേ 3

വേഴാങ്ങാനമുമാനാഥ മൃത്യുഞ്ജ്ജയ കൃപാനിധേ
മഹാദേവ വിശാലാക്ഷ സദാശിവ നമോസ്തുതേ 4

വേഴാങ്ങാനമുമാനാഥ ജഗന്നാഥ ഭവാന്തക
ശിതികണ്ഠ പുരാരാതേ സദാശിവ നമോസ്തുതേ 5

## ഹസ്തിവനാധിപ ഷഡക്ഷര സ്തോത്രം

**ഓം**കാര മന്ത്രാർത്ഥരൂപം
ശങ്കരം കരുണാമയം
പാർവ്വതീനാഥം ശ്രീകൺഠം
വന്ദേ ഹസ്തിവനാധിപം 1

ഓംകാരമാകുന്ന മഹാമന്ത്രത്തിന്റെ അർത്ഥസ്വരൂപനും, ശങ്കരനും, കരുണാമയനും, പാർവ്വതീ പതിയും, ശ്രീ കൺഠ നുമായ ഹസ്തിവനാധിപനെ (വേഴാങ്ങാനത്തപ്പനെ) ഞാൻ വന്ദിക്കുന്നു.

**ന**ന്ദിഭൃംഗിസംസേവിതം
ഭസ്മഭൂഷിത വിഗ്രഹം
ഗംഗാധരം കാലാന്തകം
വന്ദേ ഹസ്തിവനാധിപം 2

നന്ദി, ഭൃംഗി തുടങ്ങിയ ഭൂതഗണങ്ങളാൽ സേവിക്കപ്പെടുന്നവനും, ഭസ്മഭൂഷിതമായ ശരീരത്തോടു കൂടിയവനും, ഗംഗാധരനും, കാലാന്ത കനുമായ ഹസ്തിവനാധിപനെ (വേഴാങ്ങാനത്തപ്പനെ) ഞാൻ വന്ദിക്കുന്നു.

**മ**ന്മഥാരിം പഞ്ചാനന
മിന്ദു പന്നഗ ഭൂഷണം
നീലകൺഠം മഹാദേവം
വന്ദേ ഹസ്തിവനാധിപം 3

കാമദേവനെ ചുട്ടെരിച്ചവനും, അഞ്ചു മുഖമുള്ളവനും, ചന്ദ്രൻ സർപ്പങ്ങൾ ആദിയായവ അണിഞ്ഞവനും, കാളകൂടം കുടി ക്കയാൽ നീല നിറമാർന്ന കഴുത്തോടു കൂടിയവനും, മഹാദേവനുമായ ഹസ്തിവനാധിപനെ (വേഴാങ്ങാനത്തപ്പനെ) ഞാൻ വന്ദിക്കുന്നു.

**ശി**ഷ്ട രക്ഷകം സുകേശ

മഷ്ടബാഹും ത്രിലോചനം
ദുഷ്ട ദൈത്യഹരം ദേവം
വന്ദേ ഹസ്തിവനാധിപം 4

ശിഷ്ടന്മാരെ(ഭക്തന്മാരെ) രക്ഷിക്കുന്നവനും, സുന്ദരമായ കേശത്തോടു കൂടിയവനും, എട്ടു കൈകളും മൂന്നു കണ്ണുകളുമുള്ളവനും, ദുഷ്ടന്മാരായ അസുരന്മാരെ നിഗ്രഹിക്കുന്നവനുമായ ഹസ്തിവനാധിപനെ (വേഴാങ്ങാനത്തപ്പനെ) ഞാൻ വന്ദിക്കുന്നു.

**വാ**മദേവം വിശാലാക്ഷം
വിശ്വനാഥം വിധിസ്തുതം
വ്യഘ്രചർമ്മാംബരധരം
വന്ദേ ഹസ്തിവനാധിപം 5

വാമദേവനും, വിശാലാക്ഷനും, വിശ്വനാഥനും, വിധിയാൽ (ബ്രഹ്മദേവനാൽ) സ്തുതിക്കപ്പെടുന്നവനും പുലിത്തോലുടു ത്തവനുമായ ഹസ്തിവനാധിപനെ (വേഴാങ്ങാനത്തപ്പനെ) ഞാൻ വന്ദിക്കുന്നു.

**യ**ക്ഷരാജപ്രിയം ഭീമം
താർക്ഷ്യവാഹന സേവിതം
വില്വപത്രാർച്ചിതം ശംഭും
വന്ദേ ഹസ്തിവനാധിപം 6

യക്ഷരാജാവായ കുബേരനു പ്രിയനായവനും, ഭീമനും, താർക്ഷ്യ (ഗരുഡ) വാഹനനായ വിഷ്ണുവിനാൽ പൂജിക്കപ്പെടു ന്നവനും, വില്വപത്രത്താൽ (കൂവളത്തിലയാൽ) അർച്ചിക്കപ്പെടുന്നവനും, ശംഭുവുമായ ഹസ്തിവനാധിപനെ (വേഴാങ്ങാനത്തപ്പനെ) ഞാൻ വന്ദിക്കുന്നു.

ഹസ്ത്യാരണ്യാധിപ സ്തോത്രം
യഃ പഠേത് ഹര സന്നിധൗ
സർവപാപ വിനിർമുക്തഃ

ശർവ്വലോകമവാപ്നുയാത് 7

ഈ ഹസ്ത്യാരണ്യാധിപ സ്തോത്രം ശിവസന്നിധിയിൽ വെച്ച് ഭക്തിപൂർവം ജപിക്കുന്നവർ സർവ്വ പാപങ്ങളിൽനിന്നും
വിമുക്തരായി ശിവലോകം പ്രാപിക്കും.

ഇതി സുകേശകൃത ഹസ്തിവനാധിപ ഷഡക്ഷര സ്തോത്രം
സമ്പൂർണ്ണം

## പരമേശ്വര കീർത്തനം

(നാരായണ ജയ നാരായണ ജയ എന്ന രീതിയിൽ)

ഗംഗാധര ജയ ഗംഗാധര ജയ
ഗൗരീനായക ശങ്കര ജയ ജയ
മൃത്യുഞ്ജയ ജയ മൃത്യുഞ്ജയ ജയ
വേഴാങ്ങാനം പരമേശ്വര ജയ

സർവ സുരമുനി സേവിതനായിഹ
വാണമരും വൃഷഭധ്വജ ദേവാ
മുപ്പുരമഖിലമൊടുക്കി വിളങ്ങും
വേഴാങ്ങാനം പരമേശ്വര ജയ (ഗംഗാധര ജയ......) 1

അഗ്നി ഡമരു മഴുവുമത്യുഗ്രമാം
ശൂലവും മാനും ധരിച്ചൊരു രൂപം
എപ്പോഴും മനതാരിലുദിക്കണം
വേഴാങ്ങാനം പരമേശ്വര ജയ (ഗംഗാധര ജയ......) 2

നിൻ പദം തേടി വരുന്നൊരെൻ വീഥിയിൽ
കാമ ക്രോധ മദാദി ഷഡ്വൈരികൾ
മാർഗ്ഗബന്ധോ തുണയേകുക സന്തതം
വേഴാങ്ങാനം പരമേശ്വര ജയ (ഗംഗാധര ജയ......) 3

വജ്രായുധനുടെ ദംഭടക്കീടുവാ
നംബരവസ്ത്രമണിഞ്ഞവനായി
അവധൂതേശ്വര രൂപമെടുത്തൊരു
വേഴാങ്ങാനം പരമേശ്വര ജയ (ഗംഗാധര ജയ......) 4

മൗലിയിൽ ഗംഗയുണ്ടെങ്കിലുമീശ്വര
നേററവും പ്രീതി നൽ ധാരയിലല്ലോ
രുദ്ര ശംഖാഭിഷേക പ്രിയനാം

വേഴാങ്ങാനം പരമേശ്വര ജയ (ഗംഗാധര ജയ......) 5

മൃത്യുവെ വെല്ലാൻ ശിലാദ കുമാരനും
ശ്വേതകേതു മാർക്കണ്ഡേയർക്കും
ആയുസ്സരുളിയ കാലാന്തക ജയ
വേഴാങ്ങാനം പരമേശ്വര ജയ (ഗംഗാധര ജയ......) 6

അന്ധകനാമസുരാധിപനെ തൻ
ശൂലമുനയിൽ കൊരുത്ത മഹേശാ
സർവ രോഗ ദുരിതങ്ങളൊഴിക്കൂ
വേഴാങ്ങാനം പരമേശ്വര ജയ (ഗംഗാധര ജയ......) 7

ഹര ഹര നിന്നുടെ പഞ്ചാക്ഷരമാം
മന്ത്രാഗ്നിയതിൽ പാപക്കടലും
വററീടുമതിനില്ലൊരു സംശയം
വേഴാങ്ങാനം പരമേശ്വര ജയ (ഗംഗാധര ജയ......) 8

എട്ടു കരകൾക്കധിനായകനായ്
അഷ്ട ദിക്പാലക വന്ദിതനായി
ബാലേന്ദു ശേഖരനായമരും
വേഴാങ്ങാനം പരമേശ്വര ജയ (ഗംഗാധര ജയ......) 9

വേദപതേ ജയ ദേവപതേ ജയ
വിശ്വപതേ ജയ സുന്ദരമൂർത്തേ
ശൈലാധീശ മഹേശ്വര ജയ ജയ
വേഴാങ്ങാനം പരമേശ്വര ജയ (ഗംഗാധര ജയ......) 10

